**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 212** **22-01-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽ നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ,<br>ശ്രീ . ജി .എസ് .ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. എൽദോ എബ്രഹാം | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | തൊഴിലാളികൾ കാലങ്ങളായി സമരം ചെയ്ത് നേടിയ അവകാശങ്ങൾ ഹനിക്കുന്ന തരത്തിൽ കേന്ദ്രസർക്കാർ നാൽപ്പത്തിനാല് തൊഴിൽ നിയമങ്ങളെ നാല് ലേബർ കോഡുകളാക്കി മാറ്റിയത് സംസ്ഥാനത്ത് തൊഴിൽ രംഗത്തും തൊഴിലാളി ക്ഷേമത്തിലും എന്തൊക്കെ പ്രതിഫലനങ്ങളാണ് ഉണ്ടാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | (എ) വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 29 തൊഴിൽ നിയമങ്ങളെ ഏകീകരിച്ചും 12 നിയമങ്ങളെ റദ്ദാക്കിയും 4 നിയമങ്ങളായി ക്രോഡീകരിച്ചിരിക്കുകയാണ്. വിവിധ കോഡുകളും അതിൽ ഉൾപ്പെടുന്ന നിലവിലെ തൊഴിൽ നിയമങ്ങളും ചുവടെ ചേർക്കുന്നു: 1. ദി കോഡ് ഓൺ വേജസ് 2019 1. പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1936 2. മിനിമം വേജസ് ആക്ട്, 1948 3. പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, 1965 4. ഈക്വൽ റെമ്യൂണറേഷൻ ആക്ട്, 1976 2. ദി ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, 2020 1. ദി ട്രേഡ് യൂണിയൻ ആക്ട്, 1926 2. ദി ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡർ) ആക്ട്, 1946 3. ദി ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്,1947 3. ദി കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി, 2020 1. എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട്, 1923 2. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്ട്, 1948 3.എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് & മിസലേനിയസ് പ്രൊവിഷൻ ആക്ട്, 1952 4.എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ട്, 1959 5. മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട്, 1961 6. പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട്, 1972 7. സിനി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട്, 1981 8. ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട്, 1996 9. അൺഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട്, 2008 4. ദി ഒക്കുപേഷണൽ സേഫ്റ്റി, ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻസ് കോഡ്, 2020 1. ഫാക്ടറീസ് ആക്ട്, 1948 2. മൈൻ |

| | | | |
|---|---|---|---|
| | | | ആക്ട്, 1952 3. ദി ഡിഗ് വർക്കേഴ്സ് (സേഫ്റ്റി, ഹെൽത്ത് & വെൽഫെയർ) ആക്ട്, 1986 4. ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1996 5. പ്ലാന്റേഷൻസ് ലേബർ ആക്ട്, 1951 6. കോൺട്രാക്ട് ലേബർ (റെഗുലേഷൻ & അബോളിഷൻ) ആക്ട്, 1970 7. ഇൻറർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1979 8. വർക്കിംഗ് ജേർണലിസ്റ്റ് & അദർ ന്യൂസ് പേപ്പർ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസലേനിയസ് പ്രൊവിഷൻ) ആക്ട്, 1955 9. ദി വർക്കിംഗ് ജേർണലിസ്റ്റ് (ഫിക്സേഷൻ ഓഫ് റേറ്റ് ഓഫ് വേജസ്) ആക്ട്, 1958 10. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1961 11.സെയിൽസ് പ്രൊമോഷൻ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവ്വീസസ് ) ആക്ട്, 1976 12. ദി ബീഡി & സിഗാർ വർക്കേഴ്സ് (കണ്ടീഷൻസ് ഓഫ് എംപ്ലോയ്മെന്റ് ആക്ട്) 1966 13. ദി സിനി വർക്കേഴ്സ് & സിനിമാ തീയേറ്റർ വർക്കേഴ്സ് ആക്ട്, 1981 മേൽ സൂചിപ്പിച്ച കോഡുകൾക്ക് വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ ക്ഷണിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും കേരള സർക്കാർ പ്രസ്തുത ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കേന്ദ്രനയത്തിന് കടകവിരുദ്ധമായി തൊഴിൽ നിയമങ്ങളിൽ തൊഴിലാളികൾക്ക് അനുകൂലമായ എന്തെല്ലാം ഭേദഗതികളാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്നറിയിക്കുമോ; | (ബി) | (ബി) നിലവിൽ 4 കോഡുകളും കേന്ദ്ര സർക്കാർ പാസാക്കിയെങ്കിലും നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രത്യേക നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. കേന്ദ്ര സർക്കാർ പാസാക്കിയ കോഡുകൾ പൂർണ്ണമായും പ്രാബല്യത്തിൽ വരാത്തതിനാൽ സംസ്ഥാന സർക്കാർ ഭേദഗതികൾ ഒന്നും കൊണ്ടുവന്നിട്ടില്ല. ടി നിയമങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാറിനെ യഥാസമയം വിവിധ ഘട്ടങ്ങളിൽ അറിയിച്ചിട്ടുണ്ട്. കേന്ദ്ര നിയമവുമായി ബന്ധപ്പെട്ട് കേരള ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. കേരള കോഡ് ഓൺ വേജസ് റൂൾസ് 2020 കരട് ചട്ടങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധി സംബന്ധിച്ച് ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കടകളിലും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീത്തൊഴിലാളികൾക്ക് ജോലിക്കിടയിൽ ഇരിക്കാനുള്ള അവകാശം ഉറപ്പുവരുത്തിയത് വനിതാക്ഷേമത്തിൽ ഈ സർക്കാർ പുലർത്തുന്ന നിഷ്കർഷയുടെ മാതൃകയാണോ എന്നറിയിക്കുമോ; | (സി) | (സി) അതെ |
| (ഡി) | മിനിമം വേതനത്തിന്റെ കാര്യത്തിൽ രാജ്യത്ത് തന്നെ മുന്നിൽ നില്ക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായ കേരളത്തിൽ മിനിമം വേതനം വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടോ; മറ്റെന്തൊക്കെ ഭേദഗതികളാണ് മിനിമം വേതന നിയമത്തിൽ വരുത്തിയതെന്നറിയിക്കുമോ? | (ഡി) | ഡി) മിനിമം വേതനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക നിയമ ഭേദഗതി ചെയ്തിട്ടില്ല. എന്നാൽ മിനിമ വേതന നിയമം 1948 ലെ വ്യവസ്ഥകൾ പ്രകാരം മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട തൊഴിൽ മേഖലകളിൽ യഥാകാലങ്ങളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാനുള്ള നടപടി സ്വീകരിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 42 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും 6 തൊഴിൽ മേഖലകളിൽ പുതുതായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ